# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി പ്രവർത്തിച്ചിരുന്ന ട്രെയിനിംഗ് സെന്ററിലെ ഓണറേറിയം ടീച്ചറായിരുന്ന ശ്രീമതി. എൻ.സുനിഷ ഫയൽ ചെയ്ത OA No.2585/2012 നമ്പർ ഹർജിയിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 2851/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 01/11/2014**

---

പരാമർശം:- 1) വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14/12/1998 ലെ 581(11) നമ്പർ തീരുമാനം.
2) സഉ(സാധാ) നമ്പർ 277/2009/തസ്വഭവ തീയതി 03/02/2009.
3) സഉ(എം.എസ്) 170/2010/തസ്വഭവ തീയതി 06/08/2010
4) OA No.2585/2012 നമ്പർ കേസ്സിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22/08/2014 ലെ വിധിന്യായം.

## ഉത്തരവ്

വയനാട് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചിരുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള ട്രെയിനിംഗ് സെന്ററിലെ ട്രെയിനിംഗ് ടീച്ചറായി താൽക്കാലികാടിസ്ഥാനത്തിൽ ശ്രീമതി. എൻ.സുനിഷയെ വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം 1 ലെ തീരുമാനപ്രകാരം നിയമിച്ചു. വർഷം തോറും സർക്കാർ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ ഓണറേറിയം വ്യവസ്ഥയിൽ പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ ജോലി ചെയ്തുവരവെ പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂളിന്റെ മാതൃകയിലോ എസ്.എസ്.എ പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകളുടെ മാതൃകയിലോ മാത്രമേ തുടർന്ന് ഈ സ്കൂൾ പ്രവർത്തിക്കുവാൻ പാടുള്ളുവെന്നും കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്റർ /എസ്.എസ്.എ പ്രോജക്ട് ഓഫീസറുമായി കൂടിയാലോചിച്ച് ഇതിലേതെങ്കിലും ഒരു മാതൃകയിൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ഇതിനെത്തുടർന്ന് ട്രെയിനിംഗ് സ്കൂൾ ബഡ്സ് സ്കൂൾ ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ഒരു സബ്ജക്ട് കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും പ്രസ്തുത കമ്മിറ്റി ഇതേവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തുടർന്ന് പ്രവർത്തിക്കുവാൻ കഴിയാതെ 30/03/2011 ൽ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തു.

എന്നാൽ പരാമർശം 3 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിനൊന്നിന പരിപാടിയിൻകീഴിൽ നിയമിതരായ ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തന്നെയും സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ടിയാൾ ~~പരാമർശം 4 പ്രകാരം~~ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽചെയ്യുകയും ബഹു.കോടതിയുടെ പരാമർശം 4 ലെ വിധിന്യായ പ്രകാരം ഒന്നാം കക്ഷിയായ സർക്കാരിനോട് പരാതിക്കാരിയെയും വെള്ളമുണ്ട ഗ്രാമപഞ്ചായത്തിനെയും നേരിൽ കേട്ടശേഷം മൂന്നു മാസത്തിനകം തീർപ്പുകൽപ്പിക്കണമെന്ന് ഉത്തരവായിരുന്നു. ആയതിൻ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി.എൻ. സുനിഷയേയും വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ടു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള ട്രെയിനിംഗ് സെന്ററിലെ ട്രെയിനിംഗ് ടീച്ചറായിരുന്ന ശ്രീമതി.എൻ. സുനിഷ പതിനൊന്നിന പരിപാടി പ്രകാരം നിയമിത യായതല്ലാത്തതിനാൽ പരാമർശം 3 ലെ ഉത്തരവ് പ്രകാരം ടിയാളുടെ നിയമനം ക്രമവൽക്കരിക്കാൻ കഴിയില്ല. മാത്രമല്ല പ്രസ്തുത ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം 30/03/2011 ൽ നിറുത്തിയിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ ശ്രീമതി. എൻ. സുനിഷയുടെ നിയമനം പരാമശം 3 ലെ ഉത്തരവ് പ്രകാരം ക്രമപ്പെടുത്താൻ നിർവ്വാഹമില്ലാത്തതിനാൽ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

OA No.2585/2012 നമ്പർ കേസ്സിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22/08/2014 ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.സെൽവരാജൻ**
**ഗവ.അണ്ടർ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
3. അഡ്വക്കേറ്റ് ജനറൽ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. ( ആമുഖ കത്ത് സഹിതം)
4. ശ്രീമതി. എൻ.സുനിഷ, തറമ്മൽ ഹൗസ്, എള്ളുമന്നം പി.ഒ, മാനന്തവാടി (വഴി) അമ്പല വയൽ, വയനാട്- 670731.
   (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
5. സെക്രട്ടറി, വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത്,വയനാട്
6. ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ